പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.981 09.08.2017 ൽ മറുപടിയ്ക്ക്**

## ബാറുകൾക്ക് പ്രവർത്തനാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യദുരന്തം ഒഴിവാക്കുന്നതിനായി ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയതിനു ശേഷവും വ്യാജമദ്യദുരന്തം ഉണ്ടാകുവാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാരിന്റെ മദ്യനയത്തിനനുസൃതമായി ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയതിന് ശേഷം വ്യാജമദ്യദുരന്തം ഉണ്ടായിട്ടില്ല. |
| (ബി) | കോഴിക്കോട് കുന്ദമംഗലത്ത് വ്യാജസ്പിരിറ്റ് കഴിച്ച് 3 പേർ മരണപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ; വ്യാജ സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തിയോ എന്ന് അറിയിക്കുമോ? | (ബി) | ആശുപത്രിയിൽ ക്ലീനിങ്ങിനും മറ്റും ഉപയോഗിക്കുന്ന മെഥിലേറ്റഡ് സ്പിരിറ്റ് അടങ്ങിയ മെഡിസോൾ എന്ന ദ്രാവകം കോയാസ് ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരൻ കൊണ്ടുവന്ന് തന്റെ സുഹൃത്തുക്കളുമായി ചേർന്ന് മദ്യത്തിന് പകരമായി ഉപയോഗിച്ചതാണ് പ്രസ്തുത സംഭവത്തിന് കാരണമായത് എന്നാണ് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുളളത്. പ്രസ്തുത സംഭവത്തെ കുറിച്ച് വിശദമായ അന്വേഷണം നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**